കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
ഫോൺ – 04912520145
email-dopkd.ksad@kerala.gov.in

www.lfa.kerala.gov.in

## വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-2018

നം.കെ.എസ്.എ-പികെഡി16/315/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 14.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :
വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി16/315/2019 തീയതി – 14.03.2019

**പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28-07-2017 മുതൽ 25-01-2019. തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 13അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## **(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28-01-19 മുതൽ 06-02-19 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ്ബാബു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എൻ.വി.കൃഷ്ണദാസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എൻ.നന്ദവിലാസിനി | 1-4-17 മുതൽ 31-3-18 വരെ |
| സെക്രട്ടറി | കെ.ചന്ദ്രൻ നായർ | 1-4-17മുതൽ 5-06-17വരെ |
| | പി.എസ്.ഛായ (HC in charge) | 6-6-17 മുതൽ 26-6-17 വരെ |
| | എസ്.സജീവ് (അഡീ.ചാർജ്) | 27-6-17മുതൽ10-7-17വരെ |
| | അനിത എസ് | 11-7-17 മുതൽ9-11-17വരെ |
| | ഷാനികുമാർ എസ് | 10-11-7മുതൽ23-1-18വരെ |
| | ശ്രീദേവി സി.എൻ | 24-1-17മുതൽ31-3-18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശരത് മോഹൻ പി.പി | 1-4-17 മുതൽ 28-10-17വരെ |
| | ഇസ്രത്ത് പി.കെ | 29-10-17 മുതൽ 14-11-17 വരെ |
| | തനൂജ ടി.ടി | 15-11-17 മുതൽ 31-3-18വരെ |
| വി.ഇ.ഒ | ദീപക് കെ.പി | 1-4-17 മുതൽ 31-3-18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | കെ.ജയശ്രീ | 1-4-17 മുതൽ 31-3-18 വരെ |
| അസി.എഞ്ചിനീയർ | ബിജിത ആർ കൃഷ്ണൻ | 1-4-17 മുതൽ 14-6-17 വരെ |
| | ധന്യ കെ ശങ്കർ | 15-6-17 മുതൽ 27-9-17 വരെ |
| | പി.കെ.ബാലകൃഷ്ണൻ | 28-9-17 മുതൽ 25-2-18 വരെ |
| | രേഷ്മ ആർ | 26-2-18 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.സൗമ്യ | 1-4-17 മുതൽ 31-3-18വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജിസ്സ റോസ് | 1-4-17 മുതൽ 3-11-17 വരെ |
| | ഡോ.ശ്രീഹരി മേനോൻ | 4-11-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുമയ്യ | 1-4-17 മുതൽ 31-3-18 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ഇ.ബാലൻ | 1-4-17 മുതൽ 31-3-18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | ടി.കെ.പ്രസന്ന | 1-4-17 മുതൽ 31-3-18 വരെ |

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ് | ടി.കെ.പ്രേമ | 1-4-17 മുതൽ 31-3-18 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30-3-17 തീയതിയിലെ തീരുമാനം നം.1പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27-3-18 തീയതിയിലെ തീരുമാനം നം.1പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-18 | 25-5-18 | ---- | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 24-06-18 | നം.കെ.എസ്.എ-പികെഡി.21/1904(48)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6341676 |
| വരവ് | 57224590 |
| ആകെ | 63566266 |

| | |
|---|---|
| ചെലവ് | 55885467 |
| നീക്കിയിരിപ്പ് | 7680799 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ<br>(ACR പ്രകാരം) | | 0 | 12918000 | 12918000 | 12182059 | 735941 |
| വികസന ഫണ്ട്-എസ്.സി.പി<br>(ACR പ്രകാരം) | | 0 | 6258176 | 6258176 | 4222630 | 2035546 |
| വികസന ഫണ്ട്-ടി.എസ്.പി<br>(ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ്<br>(ACR പ്രകാരം) | | 0 | 7305000 | 7305000 | 7288005 | 16995 |
| മെയിന്റനൻസ്-നോൺ-റോഡ്<br>(ACR പ്രകാരം) | | 0 | 2877000 | 2877000 | 2788133 | 88867 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | 0 | 6067608 | 6067608 | 3851586 | 2216022 |
| കെ.എൽ.എസ്.ജി.ഡി.പി<br>(ACR പ്രകാരം) | | 0 | 1659087 | 1659087 | 1312580 | 346507 |
| സാക്ഷരത | | 3544 | 32071 | 35615 | 0 | 35615 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| MGNREGS | തൊഴിലാളി കളുടെ കൂലി | 0 | 4779086 | 4779086 | 4779086 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 19836 | 476188 | 496024 | 486959 | 9065 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 971400 | 971400 | 971400 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 70000 | 70000 | 70000 | 0 |
| ബി ഫണ്ട് | | 0 | 88000 | 88000 | 88000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 3711026 | 8984000 | 12695026 | 8988349 | 3706677 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2030518 | 6991756 | 9022274 | 5889037 | 3133237 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 89701281 | 142 | 44889783 | 89 | nil | 61.47 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 5268320 | 3963490 | 75 |
| വി.ഇ.ഒ | 12 | 9 | 4968825 | 1847000 | 37.17 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20 | 18 | 6593496 | 5627177 | 85.3 |
| സെക്രട്ടറി | 18 | 12 | 16623525 | 8350919 | 50.23 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 158 | 81 | 50886615 | 21393917 | 42 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 1062500 | 1045583 | 98.40 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 800000 | 800000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 330000 | 330000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 450000 | 90 |
| ഹെഡ് മാസ്റ്റർ | 2 | 1 | 350000 | 29274 | 8.36 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 2318000 | 1052423 | 45.40 |
| ആകെ | 231 | 142 | 89701281 | 44889783 | 50.04 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19836 | 476188 | 496024 | 486959 | 9065 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 4779086 | 4779086 | 4779086 | 0 |
| 100 ദിവസത്തെ ബത്ത | 0 | 60000 | 60000 | 60000 | 0 |
| ആകെ | 19836 | 5315274 | 5335110 | 5326045 | 9065 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18000 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 622800 | 220 |
| വിധവാ പെൻഷൻ | 3477600 | 1089 |
| വാർദ്ധക്യകാല പെൻഷൻ | 5898900 | 1780 |
| വികലാംഗ പെൻഷൻ | 922800 | 288 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-1-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3740/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

താഴെ പറയുന്ന അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

1. സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്യൂരിഫിക്കേഷൻ നടത്തി പൂർത്തീകരിക്കേണ്ടതാണ്.
2. D & O ലൈസൻസ് ഫീസ് നിയമാനുസൃതം ഈടാക്കേണ്ടതാണ്.
3. സേവന ഉപനികുതി ഏർപ്പെടുത്തേണ്ടതാണ്.
4. പെർമിറ്റ് ഫീ കണക്കാക്കുന്നതിന് ഫ്ലോർ ഏരിയ അടിസ്ഥാനമാക്കേണ്ടതാണ്.
5. ബജറ്റ് തയ്യാറാക്കുന്നതിന് നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.
6. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കേണ്ടതാണ്.

7. ഭവന നിധി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.
8. ടാർ ബാരലിന്റെ വില കണക്കാക്കാതെ പ്രവൃത്തിയുടെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.
9. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നത് ക്രമ വിരുദ്ധമാണ്.
10. കുടിവെള്ള പദ്ധതികളുടെ ആസൂത്രണത്തിൽ പദ്ധതി നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
11. സാമൂഹ്യ ക്ഷേമത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
12. ഉൽപ്പാദന രംഗത്ത് വൈവിധ്യമാർന്ന പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.
13. കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്
14. വാഹന പരിപാലനവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കേണ്ടതാണ്.
15. അസാധാരണച്ചെലവുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
16. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-01-2019 | 12/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-7-2009 മുതൽ 3-8-2009 വരെ | 2004-05മുതൽ 2008-09 വരെ | LBA(HQ)/iv/8A-1451 /179,തി.26-8-2009 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

പ്രത്യേക പരാമർശമില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തുന്നു- പഞ്ചായത്തിന് നികതി നഷ്ടം

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ(സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6), മറ്റ്

അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ, പഞ്ചായത്ത് പ്രദേശത്തെ വിവിധ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് കണ്ടെത്തി. ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതുവഴി വർഷംതോറും വൻതുക പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നു.

നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക്

| ഉപയോഗ ക്രമം | നിരക്ക് (ഒരു ച.മീറ്ററിന്) |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 രൂപ. |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 70 രൂപ. |

യഥാർത്ഥ ഉപയോഗക്രമത്തിനുള്ള വസ്തുനികുതി പ്രകാരം പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ വർഷം തോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന വരുമാന ചോർച്ച പ്രസ്തുത കെട്ടിടത്തിന്റെ ഫോറം 6 – ലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ അടിസ്ഥാനമാക്കി കണക്കാക്കിയിട്ടുള്ളത് താഴെ ചേർക്കുന്നു.

1) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 13/379 അബൂബക്കർ, നരായപറമ്പിൽ, ചെറുകോട്. നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2013 ഒന്നാം അർദ്ധ വർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 105 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (105x70) | 7350 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (മേഖല- 10%) | 735 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%) | 1470 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 8085രൂപ |

| | |
|---|---|
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 405 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് ഉൾപ്പടെ | 8490 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് ഉൾപ്പടെ (6930+347) | 7277 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 8490-7277<br>=1213രൂപ |

2) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 10/409-എ, നന്ദകുമാർ, നന്ദനം, വാടാനംകുറിശ്ശി. നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2015 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിന്റെ നികുതി 2016-17 വർഷം മുതൽ കുടിശ്ശികയാണ്.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 132.2 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (132.2x70) | 9254 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (മേഘല- 10%, മേൽക്കൂര- 10%, ആകെ- 20%) | 1850.8 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് | ഇല്ല. |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 7403.2 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 370.16രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് ഉൾപ്പടെ | 7773.36രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് ഉൾപ്പടെ (6346+318) | 6664 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 7773-6664<br>= 1109 രൂപ |

3) കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 11/47-എ നീതു തോമസ്, വാലേൽ വീട്, ചൂരക്കോട്. നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2015 രണ്ടാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 141 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി<br>(141x70) | 9870 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (മേഖല- 20%, വഴി സൗകര്യം- 10%, മേൽക്കൂര- | 3948 രൂപ |

| | |
|---|---|
| 10%, ആകെ- 40%) | |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് | ഇല്ല. |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 5922രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 296രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് ഉൾപ്പടെ | 6218 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് ഉൾപ്പടെ (5076+254) | 5330 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 6218-5330<br>=888രൂപ |

4) കെട്ടിട നമ്പർ- 14/464, കുഞ്ഞിമുഹമ്മദ് ഇസ്മൈൽ അബൂബക്കർ, ഉറവിക്കൽ ഹൗസ്, വല്ലപ്പുഴ, നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2016 ഒന്നാം അർദ്ധവർഷം, ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം (തറ വിസ്തീർണ്ണത്തിൽ) വരുത്തിയിട്ടുണ്ട്.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 114.38ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി (114.38x70) | 8006.6രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (കാലപ്പഴക്കം- 10%) | 800.6 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (വഴി സൗകര്യം- 20%) | 1601.3രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 8807.3രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 440.3 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് ഉൾപ്പടെ | 9247.7രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് ഉൾപ്പടെ (3620+181) | 3801 രൂപ |
| ആകെ നികുതി നഷ്ടം ( 2017-18) | 9248-3801<br>=5447രൂപ |

നിയമപ്രകാരമല്ലാതെ നികുതി നിർണ്ണയിച്ചതുവഴി 2017-18 വർഷത്തിൽ വന്നിട്ടുള്ള നഷ്ടത്തുക 8657/-രൂപ കെട്ടിട ഉടമസ്ഥനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതും കുടിശ്ശികകൾ ലൈബ്രറി സെസ്സ് സഹിതം

ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിൽ വന്ന പിഴവു മൂലമാണ് തെറ്റായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കാൻ ഇടയായത്, കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം കണക്കാക്കി വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. നഷ്ടത്തുക ഈടാക്കിയതിന്റെ വിവരം പ്രസ്തുത കെട്ടിടങ്ങളുടെ പുതുക്കിയ ഫോറം-6 സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ കെട്ടിടങ്ങളുടെയും ഫോം-6 വിവരങ്ങൾ പരിശോധിക്കേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുടെ പ്യൂരിഫിക്കേഷൻ പൂർത്തീകരിക്കേണ്ടതുമാണ്.

## 2-2 നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017- ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി. ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിലെ ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ പഞ്ചായത്ത് പ്രദേശത്തെ വിവിധ വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് പിരിക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് കാണ്ടെത്തി. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത വിഷയത്തിൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തത് പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി/വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 2-3 <u>വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടത് സംബന്ധിച്ച്</u>

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി/വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 2-4 പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയ അടിസ്ഥാനമാക്കുന്നതിനു പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കുന്നു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II ന് അനുസൃതമായി പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത് (per sqare metre of floor area). ആകെ ഫ്ലോർ ഏരിയയോടൊപ്പം കാർഷെഡ്, ടൊയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കേണ്ടതാണ്. എന്നാൽ വല്ലപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയും മാന്വലായും അനുവദിച്ച മുഴവൻ കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കും പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ്. 2017-18 വർഷം കെട്ടിടനിർമ്മാണ ചട്ടത്തിന് വിരുദ്ധമായി പെർമിറ്റ് ഫീസ് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി/വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ചട്ട പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ബജറ്റ് നടപടിക്രമം സംബന്ധിച്ച്-ഓഡിറ്റ് നിരീക്ഷണം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്,വകുപ്പ് 214ഉപവകുപ്പ്(1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട്

തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214ഉപവകുപ്പ് 1(എ)(1) പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ,അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച ആമുഖ പ്രഖ്യാപനത്തിനുശേഷം, പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്.

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 അനുശാസിക്കുന്ന ബജറ്റ് തയ്യാറാക്കലും അനുമതി നൽകലും എന്ന ചട്ടപ്രകാരവും, കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (ജി.ഒ (ആർ.ടി) നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവുമുള്ള നിർദേശങ്ങളും വല്ലപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ല എന്ന് കാണ്ടെത്തി.

1. 2017-18 ബജറ്റ് നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട ഫയൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി വിവിധ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും റിവൈസ്ഡ് ബഡ്ജറ്റിനുള്ള നിർദ്ദേശങ്ങളും ബജറ്റ് വർഷത്തേക്കുള്ള നിർദ്ദേശങ്ങളും സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഡിസംബർ 15 ന മുന്പ് വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല.
2. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനവരി 22 ന മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തതായി കാണുന്നില്ല.
3. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ, ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതിരേഖ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ചുള്ള ഉപ മേഖലാതല വകയിരുത്തൽ എന്നിവ ക്രോഡീകരിച്ച് മാർച്ച് ഒന്നിന് മുമ്പ് കരട് ബജറ്റ് തയ്യാറാക്കിയതായി കാണുന്നില്ല.
5. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമ പഞ്ചാത്തിന്റെ ഒരു പ്രത്യേക യോഗം മാർച്ച് ഏഴിന് മുമ്പ് ഗ്രാമപഞ്ചായത്ത്

പ്രസിഡന്റ് വിളിച്ച് ചേർത്തിട്ടില്ല.

വല്ലപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചെയർമാൻമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവ സമർപ്പിച്ചിട്ടില്ലാത്തതിനാലും, നിശ്ചിത സമയക്രമത്തിൻ പ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് രൂപീകരിച്ചിട്ടുള്ളത് നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവയുടെ അഭാവത്തിലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

കേരളാ പഞ്ചായത്ത് രാജ് ആക്ടിലെയും, ബജറ്റ് മാന്വലിലെയും നിർദ്ദേശങ്ങൾ, സമയക്രമം എന്നിവ ബഡ്ജറ്റ് രൂപീകരണത്തിൽ പാലിക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കാത്തത് വാർഷിക ബജറ്റിൽ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ഇടയാക്കും എന്നത് ഭരണസമിതിയുടെ പ്രതേക ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി/വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 2-6 തനതു വരുമാനം സൂക്ഷിക്കുന്നത് ഒന്നിലധികം അക്കൌണ്ടുകളിൽ- സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല

സർക്കുലർ നം.58725/എഫ്.എം.3/2008/ത.സ്വ.ഭ.വ/26-05-11 പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടിൽ നിലനിർത്തരുത്. എന്നാൽ ഈ സർക്കുലറിന് വിപരീതമായി വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് നിക്ഷേപിക്കാനായി ഒരേ സമയം രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നുണ്ട്.

1. വല്ലപ്പുഴ സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ്
   അക്കൗണ്ട് നം. എഫ്.1207 എച്ച്.ഒ. നെല്ലായ
2. എസ്.ബി.ഐ വല്ലപ്പുഴ
   അക്കൗണ്ട് നം. 3407455644

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് റദ്ദ് ചെയ്യുന്നതിന് ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നതിനും റദ്ദ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്

എന്ന് അറിയിച്ചിട്ടുണ്ട്. തനത് വരുമാനം ഒരു അക്കൗണ്ടിൽ മാത്രം സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സർക്കാർ ഉത്തരവുകളും സർക്കുലറുകളും പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-7 സങ്കേതം - അതാത് കാലയളവിലെ ഉത്തരവുകൾക്കനുസൃതമായി സോഫ്റ്റ്‌വെയറുകൾ കാലികമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 തിയതിയിലെ ജി.ഒ(പി)നം.81/2017 /ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 675/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ പെർമിറ്റ് ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങളിലെ ചട്ടം 35 ലെ പട്ടിക 2 ൽ കാറ്റഗറി I, കാറ്റഗറി II വില്ലേജുകളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി അനുവദിക്കാവുന്ന തറവിസ്തീർണ്ണാനുപാതത്തിന്റെ (F.A.R) പരിധിയും അധികഫീസോടു കൂടി അനുവദിക്കാവുന്ന തറവിസ്തീർണ്ണാനുപാതത്തിന്റെ പരിധിയും ആയതിനാനുപാതികമായ നിരക്കുകളും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരമാണ് വില്ലേജ് II കാറ്റഗറിയിൽ ഉൾപ്പെടുന്ന വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിക്കുന്ന കെട്ടിടങ്ങളുടെ പരാമവധി തറവിസ്തീർണ്ണാനുപാതവും, അധിക തറവിസ്തീർണ്ണാനുപാതത്തിനുള്ള നിരക്കും നിശ്ചയിക്കേണ്ടത്.

2017 ഓഗസ്റ്റ് മാസം മുതൽ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായാണ് സ്വീകരിച്ചു വരുന്നത്. തുടർ നടപടികളും ഓൺലൈനായാണ് നടപ്പിലാക്കുന്നത്. സോഫ്റ്റ്‌വെയറിൽ നിന്നുള്ള പ്രിന്റ് ചെയ്ത അപേക്ഷകൾ പരിശോധിച്ചതിൽ അധിക ഫീസോടു കൂടി അനുവദിക്കാവുന്ന F.A.R ന് ആനുപാതികമായി ഈടാക്കേണ്ട നിരക്ക് അധിക തറവിസ്തീർണത്തിന് ചതുരശ്ര മീറ്ററിന് 500 രൂപ നിരക്കിൽ എന്ന രീതിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ പറഞ്ഞ ഭേദഗതി ചട്ടപ്രകാരം അധിക തറവിസ്തീർണത്തിന് ചതുരശ്ര മീറ്ററിന് 5000 രൂപ നിരക്കിലാണ് ഈടാക്കേണ്ടത്.

ഓഡിറ്റ് കാലയളവിൽ ലഭിച്ച അപേക്ഷകളിൽ അധിക F.A.R ആവശ്യമായിട്ടുള്ള കെട്ടിടങ്ങൾ ഇല്ല എന്നതിനാൽ നിലവിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ ഭേദഗതി ചട്ടം നിലവിൽ വന്നതിനു ശേഷവും ആയതു പ്രകാരമുള്ള നിരക്കുകൾ കണക്കാക്കാതെ സോഫ്റ്റ്‌വെയറിലെ ഇ – ഫയലിംഗ് മുഖേന ലഭിക്കുന്ന അപേക്ഷകളിലെ രേഖപ്പെടുത്തലുകൾ പ്രകാരമാണ് കണക്കാക്കുന്നത് എങ്കിൽ അത്തരത്തിലുള്ള അപേക്ഷകൾ പരിഗണിക്കപ്പെടുമ്പോൾ F.A.R ന്റെ പരിധി തെറ്റായി നിശ്ചയിച്ചു നൽകുന്നതിനും അധിക F.A.R പെർമിറ്റ് ഫീസിനത്തിൽ വലിയ തോതിൽ വ്യത്യാസപ്പെടാനും ഇടയാക്കുന്നതാണ്. ആയതിനാൽ അതാതു

കാലയളവിലെ ഉത്തരവുകൾക്കനുസൃതമായി സോഫ്റ്റ്‌വെയറുകൾ കാലികമാക്കേണ്ടത് അനിവാര്യമാണ്. ആയത് പരിശോധിക്കുന്നതിനും, ഐ.കെ.എമ്മിന് നിർദ്ദേശങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി/വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 2-8 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയിട്ടില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് ആയത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല എന്നും നടപടികൾ സ്വികരിച്ചിട്ടില്ല എന്നും കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരിബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപ്പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ വർഷത്തിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ടി വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് 2017-18 വർഷം നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം 227 വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇതിൽ പകുതിയിലേറെ വ്യാപാരികളും പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നവരാണ്. ഇവരിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജന ഫീസ്

ഈടാക്കിയിരുന്നെങ്കിൽ ഈ ഇനത്തിൽ കുറഞ്ഞത് 50 ലക്ഷത്തിൽപ്പരം രൂപയുടെ വരുമാനം ഉണ്ടാകുമായിരുന്നു. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി/വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 2-9 ഭവനനിധി അക്കൗണ്ട് ആരംഭിക്കേണ്ടത് സംബന്ധിച്ച്

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ (എം.എസ്.) 151/2017/തസ്വഭവ തീയതി 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതുപോലെ സി.എസ്.ആർ ഫണ്ട്, വിവിധ തരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ, വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പുകൾ, എം.പി/എം.എൽ.എ വികസന ഫണ്ടുകൾ, നിയമാനുസൃതമായ മറ്റ് രീതികൾ എന്നിങ്ങനെയും ഫണ്ട് ശേഖരിക്കാം. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെയെങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വല്ലപ്പുഴ ഗ്രാമ പഞ്ചായത്ത് ടി വിഷയത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. ഭവനനിധി അക്കൗണ്ട് ആരംഭിക്കുന്നതിനും ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി/വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.

2017-18 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്യതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 250/-രൂപ നിരക്കിൽ ബാരലിന്റെ വില 43511/- കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി/കരാറുകാരൻ | ബിൽ നം. തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (as per adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 250/- |
|---|---|---|---|---|
| 1. | പഞ്ചാരത്തപ്പടി-SCകോളനിറോഡ് മെറ്റലിംങ്,ടാറിംങ് --കെ.പി.സൈനുദ്ദീൻ. | 52/16-2-18-65556/-13/17 | VG-30 – 1879.17/156=12 | 12*250=3000 |
| 2. | കാഞ്ഞിരത്തോട്ടിൽ-കള്ളാടിപ്പറ്റ റോഡ് മെറ്റലിംങ്, ടാറിംങ് --കെ.പി.സൈനുദ്ദീൻ. | 6/15-7-17<br>44/17-18<br>343205 | SS1-591.09/181.8=3.25<br>RS1-191.23/200=.95<br>VG30-1467.29/156=9.4 | 14x250=3500 |
| 3. | നാലുമൂല-മായക്കര SCകോളനി റോഡ് റീടാറിംങ്-എൻ.കുഞ്ഞു മുഹമ്മദ് | 3/15-7-17<br>34/17-18<br>246512 | VG30-2139.57/156=13.7<br>RS1-200.34/200=1 | 15x250=3750 |

| | | | | |
|---|---|---|---|---|
| 4. | പരപ്പൻകല്ല്-കുഞ്ഞിക്കുറിശ്ശി റോഡ് റീടാറിംങ്<br>എൻ.കുഞ്ഞു മുഹമ്മദ് | 8/15-7-17<br>21/17-18<br>365927 | VG30-3173.23/156=14<br>RS1-297.33/200=1 | 15x250=3750 |
| 5. | മഹാദേവപ്പന്തൽ-പുതിയറോഡ് മെറ്റലിംങ്,ടാറിംങ്<br>എ.യൂസുഫ് സിദ്ദിഖ് | 10/15-7-17<br>41/17-18<br>328250 | SS1-561/181.8=3.08<br>RS1-181.5/200=.90<br>VG30-1392.6/156=8.92 | 13x250=3250 |
| 6. | യാറം-മാട്ടായ റീച്ച് 1 റീടാറിംങ്<br>കെ.മോഹൻദാസ് | 39/19-1-18<br>23/17-18<br>448000 | VG30-3889.36/156=24.9<br>RS1-364.97/200=1.8 | 27x250=6750 |
| 7. | യാറം-മാട്ടായ റീച്ച് 2 റീടാറിംങ്<br>കെ.മോഹൻദാസ് | 40/19-1-18<br>24/17-18<br>448000 | VG30-3884/156=24.8<br>RS1-364.35/200=1.8 | 27x250=6750 |
| 8. | മേച്ചേരി-കെ.സി പടി റോഡ് റീടാറിംങ്<br>അബ്ദുൾ സലാം | 42/19-1-18<br>33/17-18<br>241235 | VG30-2953.68/156=18.9<br>RS1-272.44/200=1.36 | 21x250=5250 |
| 9. | കക്കാട്ടുകുന്ന് റോഡ് റീടാറിംങ്<br>കെ.അബ്ദുൾ നാസർ | 60/17-3-18<br>19/17-18<br>336734 | VG30-2832.13/156=18.15<br>RS1-267.97/200=1.34 | 19x250=4750 |
| 10 | മാട്ടായ-വെളുത്തേടത്ത് പട് മെറ്റലിംങ്-ടാറിംങ്<br>വി.വി.നാരായണൻ നായർ | 48/16-2-18<br>20/17-18<br>278942 | SS1-460.52/ 181.8=2.53<br>RS1-148.99/200=.74<br>VG30-1143.17വ156=7.33 | 11x250=2750 |
| | | | ആകെ | 43500 |

## 3-2 മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കിയില്ല, ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു

2017-18 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് LSGD അസി.എഞ്ചിനീയർ നിർവ്വഹിച്ച

മരാമത്ത് പ്രവൃത്തികളിൽ താഴെ പറയുന്ന ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. ഓഡിറ്റ് അന്വേഷണം നം.4/1-2-2019 പ്രകാരം ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയിരുന്നെങ്കിലും ടി.ഫയലുകൾ ഹാജരാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുകയുണ്ടായില്ല. ആയതിനാൽ താഴെ പറയുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുതുക തടസ്സത്തിൽ വെയ്ക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രോജ.നം | ചെലവഴിച്ച തുക | ബിൽനം. /തിയ്യതി |
|---|---|---|---|
| 1 | നാലുമൂല- VESറോഡ് റീ-ടാറിംങ് (പ്രോജ.നം.149/18) | 342642 | 7/15-7-17 |
| 2 | നാലുമൂല-മായക്കര Sc കോളനി റോഡ് മെറ്റലിംങ്, ടാറിംങ് (പ്രോജ.നം.159/18) | 408460 | 9/15-7-17 |
| | ആകെ ചെലവഴിച്ച തുക | 751102 | |

# 3-3 കുടിവെള്ള പദ്ധതികളുടെ ആസൂത്രണത്തിൽ പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ (എം.എസ്) നം. 362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13.xi.ഡി പ്രകാരം കുടിവെള്ള പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം ഒരു പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിക്കണം. ഭാഗികമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി പ്രൊജക്റ്റ് ആവിഷ്കരിക്കുവാൻ പാടില്ല. മോട്ടോർ സ്ഥാപിക്കൽ, പമ്പ് ഹൗസ്, പൈപ്പ് ലൈൻ, ടാപ്പുകൾ, വൈദ്യുതി കണക്ഷൻ തുടങ്ങിയ ഇനങ്ങൾ ഒഴിവാക്കി കുഴൽകിണർ മാത്രം കുഴിക്കുവാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

താഴെപറയുന്ന കുടിവെള്ളപദ്ധതികളുടെ പ്രോജക്ടുകൾ ജലവിതരണത്തിനാവശ്യമായ മുഴുവൻ ഘടകങ്ങളും ചേർക്കാതെയാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്.

1. പ്ലാച്ചിക്കോട്-ചാത്തനാട്ടുകുഴി കുടിവെള്ള പദ്ധതി (പ്രോജ.നം.185/18)
2. മലപ്പുറം ബോർവെൽ നിർമ്മാണം (പ്രോജ.നം.173/18)
3. മുഴുവൻകോട് കുടിവെള്ള പദ്ധതി (പ്രോജ.നം.186/18)

ഭാഗികമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പദ്ധതി പൂർത്തീകരിക്കുന്നതിനായി തുടർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

# 3-4 സാമൂഹ്യ ക്ഷേമ പെൻഷൻ- അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

താഴെ പറയുന്ന സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു.

1. വിധവാ പെൻഷൻ- അപേക്ഷയോടൊപ്പം പുനർവിവഹിതയായിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
2. 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ

അപേക്ഷയോടൊപ്പം വിവാഹിതയായിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പെൻഷൻ അപേക്ഷകളിന്മേൽ പുനരന്വേഷണം നടത്തിറിപ്പോർട്ട് ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ അപേക്ഷകൾ തുടർ നടപടികൾക്ക് പരിഗണിക്കാവൂ എന്ന സർക്കാർ നിർദേശം പാലിക്കപ്പെടേണ്ടതാണ്.

# 3-5 സാമൂഹ്യ ക്ഷേമത്തിനായുള്ള ചില പദ്ധതികൾ നടപ്പിലാക്കിയില്ല-2234000 രൂപ മുടങ്ങിക്കിടക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

2017-18 വർഷത്തിൽ താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി 2234000/- രൂപയുടെ പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിനായി അംഗീകാരം ലഭിച്ചിട്ടും പദ്ധതികൾ നടപ്പിലാക്കിട്ടില്ല. തൻമൂലം മറ്റ് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫണ്ട് വകയിരുത്തി ചെലവഴിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയാതെ വരുകയും പ്ലാൻഫണ്ട് ഇനത്തിൽ 2234000/-രൂപ മുടങ്ങിക്കിടക്കുകയും ചെയ്തതായി വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ |
|---|---|---|
| 1 | ഹരിത കേരളം | 124000 |
| 2 | ലൈഫ് മിഷൻ- പണി പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം ( എസ്.സി) | 160000 |

| | | |
|---|---|---|
| 3 | ലൈഫ് മിഷൻ- പണി പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം ( എസ്.സി) | 1950000 |

തുടർ വർഷങ്ങളിൽ പദ്ധതി പണം വകയിരുത്തി ചെലവഴിക്കുമ്പോൾ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് അത്യാവശ്യം വേണ്ടുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് തിരിച്ചറിയുകയും ആയത് പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥരുടേയും വർക്കിംഗ് ഗ്രൂപ്പിന്റേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ശ്രദ്ധ ഉണ്ടാവേണ്ടതാണ്. മാത്രമല്ല പദ്ധതി പണം ലാപ്സായി പോകാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവവും ഉണ്ടായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതുമാണ്.

മേൽ പ്രൊജക്റ്റുകൾ നടപ്പാക്കാതിരുന്നതിന്റെ കാരണം വിലയിരുത്തി വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-6 ഉൽപാദന രംഗത്ത് വൈവിധ്യമാർന്ന പ്രൊജക്ടുകൾ നടപ്പിലാക്കപ്പെടുന്നില്ല

ജൈവ വൈവിധ്യം കൊണ്ടും, ജല സമൃദ്ധി കൊണ്ടും അനുഗ്രഹീതമായ, ഉൾ നാടൻ ഗ്രാമമായ വല്ലപ്പുഴ ഗ്രാമ പഞ്ചായത്തിൽ - കാർഷിക മേഖലയിൽ വൈവിധ്യമാർന്ന പ്രൊജക്ടുകൾ നടപ്പിലാക്കാനനുകൂലമായ സാഹചര്യങ്ങൾ നിലവിലുണ്ട്. വ്യവസായ – വാണിജ്യ – സേവന രംഗങ്ങളിൽ പറയത്തക്ക വളർച്ചയൊന്നും നേടാത്ത ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൃഷിയും അനുബന്ധ മേഖലകളുമാണ് പ്രധാന സാമ്പത്തിക സ്രോതസ്സ്.

പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും വിവിധ വിളകൾ കൃഷി ചെയ്യുന്നതിനാവശ്യമായ സാഹചര്യങ്ങൾ നിലവിലുള്ളതായി കാണുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപ്രകൃതി, കാലാവസ്ഥ, ജല ലഭ്യത മണ്ണിന്റെ സ്വഭാവം ഉൽപാദന ക്ഷമത എന്നിവ പരമാവധി ഉപയോഗപ്പെടുത്തി അനുയോജ്യമായ കാർഷിക രീതികൾ അവലംബിച്ച്, കാർഷിക രംഗത്ത് വൈവിധ്യവൽക്കരണത്തിനുതകുന്ന പ്രൊജക്ടുകൾ നടപ്പിലാക്കാൻ പദ്ധതി മാർഗ്ഗരേഖ നിർദേശിക്കുന്നു.

പച്ചക്കറി, പച്ചില വളം, ഭക്ഷ്യ വിളകളുടെ വിത്തുകൾ, പച്ചക്കറി തൈകൾ, കിഴങ്ങു വർഗ്ഗങ്ങൾ, വാഴ, കുരുമുളക് തൈകൾ എന്നിവ 100 % സബ്സ്ഡിയോടു കൂടി നടപ്പിലാക്കാവുന്ന പ്രൊജക്ടുകളാണ്. ഫല – പുഷ്പ ഔഷധ സസ്യങ്ങൾ, തെങ്ങ്, ജാതി തൈകൾ ടെറസിലെ പച്ചക്കറി കൃഷി എന്നിവക്ക് 75 ശതമാനം സബ്സിഡിയും

നൽകാവുന്നതാണ്. പ്രദർശന മാതൃകാ കൃഷിത്തോട്ടങ്ങൾ, ഔഷധ സസ്യ തോട്ടങ്ങൾ, നഴ്സറികൾ, വിത്തുൽപ്പാദന കേന്ദ്രങ്ങൽ ഹരിതഭവനം എന്നീ നൂതന പ്രൊജക്ടുകളുടെ പ്രയോജനം എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കാവുന്നതാണ്.
കാർഷിക ഉൽപ്പന്നങ്ങളുൾപ്പെടെയുള്ള പ്രാദേശിക ഉൽപ്പന്നങ്ങൾക്കുള്ള വിപണന സംവിധാനമൊരുക്കുന്നതിന് 100 ശതമാനം സബ്സിഡി നൽകാവുന്നതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ട്.
പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അർഹരായ കർഷക ഗുണഭോക്താക്കളെ കണ്ടെത്തി ജലസേചന കിണർ, പമ്പ്സെറ്റ്
(ആക്സസറീസ് ഉൾപ്പെടെ) എന്നീ പദ്ധതികൾക്ക് ധനസഹായം നൽകാവുന്നതാണ്. താൽപ്പര്യമുള്ള കർഷകർക്ക് കശുമാവിൻ തൈകൾ 100ശതമാനം സബ്സിഡിയോടുകൂടി വിതരണം ചെയ്യാവുന്നതാണ്.

റബർ തൈകൾ വെച്ച തോട്ടങ്ങളിൽ ഇടവിളയായി പഴങ്ങളും, പച്ചക്കറികളും ഉൽപാദിപ്പിക്കൽ, മഴമറ നിർമാണം, പൂകൃഷി, തരിശു ഭൂമി/ നിലത്തിൽ പച്ചക്കറി കൃഷി എന്നീ പ്രൊജക്ടുകളും സബ്സിഡിയോടുകൂടി നടപ്പിലാക്കാവുന്നതാണെന്ന് 2017-18 ലെ പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിക്കപ്പെട്ടിരുന്നു. 60 ശതമാനം സബ്സിഡി നൽകി തേനീച്ച കൃഷിയും പ്രോത്സാഹിപ്പാക്കാവുന്നതാണ്.

കാർഷിക രംഗത്ത്, മേൽ പറഞ്ഞ വിധം വൈവിധ്യവൽക്കരണത്തിന് ധനസഹായ സംവിധാനവും വിഭവ ലഭ്യതയും നില നിൽക്കെ, വല്ലപ്പുഴ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ നെല്ലുൽപ്പാദനം എന്ന പ്രൊകജ്ട് ആണ് പ്രധാനമായും നടപ്പിലാക്കിയിട്ടുള്ളത്.

കാർഷിക രംഗത്തെ പരിചയ സമ്പന്നരായ വ്യക്തികളുടെ കൂട്ടായ്മ സംഘടിപ്പിച്ചും നാട്ടറിവിന്റെ അമൂല്യമായ ശേഖരം ഉപയോഗപ്പെടുത്തിയും, ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിച്ച് , മണ്ണിനെപ്പറ്റി ആഴത്തിൽ പഠിച്ച് കാലാവസ്ഥയെ തൊട്ടറിഞ്ഞ്, ലഭ്യമായ ജലസ്രോതസ്സുകളെ പ്രകൃതിക്കിണങ്ങും വിധം വിനിയോഗിച്ചും പ്രാദേശിക ഭൂപ്രകൃതിക്ക് അനുയോജ്യമായ വൈവിധ്യമാർന്ന കാർഷിക പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

# 3-7 തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 453111/-രൂപ കെ.എസ്.ഇ.ബി വല്ലപ്പുഴ ഇലക്ട്രിക്കൽ സെക്ഷനിൽ അടച്ചിട്ടുണ്ട്. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ

കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചുണ്ട്. (ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി) ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരം സ്വീകരിച്ചതായി കാണുന്നില്ല. വിളക്കുകളുടെ ഇനം, എണ്ണം, വാട്ട്സ് എന്നീ വിശദാംശങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/1-2-1-19 ന് മറുപടിയായി മീറ്ററിംങ് സംവിധാനം ഏർപ്പെടുത്തുന്നതിനും രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചു.

## 3-8 പൊതുടാപ്പുകളുടെ വെള്ളക്കരം - അപാകതകൾ സംബന്ധിച്ച്

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 167 പൊതു കുടിവെള്ള ടാപ്പുകൾ ടാപ്പ് ഒന്നിന് പ്രതിമാസം 5250 രൂപ നിരക്കിൽ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. 2017-18 വർഷം 271790 രൂപ ഈ ഇനത്തിൽ അടവാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ (സാധാരണ) നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി പ്രദേശത്തെ മുഴവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കാക്കുക എന്ന സമീപനം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇത് സബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/2-2-19 ന നൽകിയ മറുപടിയിൽ സംയുക്തപരിശോധന നടത്തി പൊതുടാപ്പുകൾ ഒഴിവാക്കിയിട്ടുള്ളതാണെന്നും ഇതിന് മുന്നോടിയായി ഗാർഹികകണക്ഷൻ എടുക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയതായും അറിയിക്കുകയുണ്ടായി. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-9 വാഹന പരിപാലനം- അപാകതകൾ സംബന്ധിച്ച്

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL52-4398 നമ്പർ ജീപ്പ് ആണ്നിലവിലുള്ളത്. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവയുടെ കാര്യക്ഷമത പരിശോധിക്കാൻ ലക്ഷ്യമിട്ടതനുസരിച്ച് വാഹനങ്ങളുമായി ബന്ധപ്പെട്ട വിവിധ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

എ. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറിയാണ്. താഴെ പറയുന്ന രജിസ്റ്ററുകളും, റെക്കോർഡുകളുമാണ് സെക്രട്ടറി സൂക്ഷിക്കേണ്ടത്.

1. ലോഗ് ബുക്ക്
2. പെട്രോൾ, ഡീസൽ ഗ്യാസ് മുതലായവയുള്ള ഓർഡർ ബുക്ക്
3. റിപ്പയർ രജിസ്റ്റർ
4. സ്റ്റോക്ക് രജിസ്റ്റർ
5. ഫ്യൂവൽ രജിസ്റ്റർ

പഞ്ചായത്തിലെ വാഹനത്തിന് ലോഗ് ബുക്ക് ഒഴികെയുള്ള മേൽ സൂചിപ്പിച്ച മറ്റു രജിസ്റ്ററുകളൊന്നും എഴുതി സൂക്ഷിക്കുന്നില്ല. ലോഗ് ബുക്കിൽ ഫ്യൂവൽ അക്കൗണ്ട് രേഖപ്പെടുത്തുന്ന കോളത്തിൽ വർഷാരംഭത്തിൽ അളവ് രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിലെ ഡീസലടിക്കുന്നത് സെക്രട്ടറിയോ/ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഓഫീസറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ.ഉ(എം.എസ്)നം.170/07/ ത.സ്വ.ഭ.വ 30-6-2007 പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ/ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആഫീസറുടേയോ സാന്നിദ്ധ്യത്തിലോ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കേണ്ടതാണെന്ന് നർദ്ദേശിച്ചിട്ടുണ്ട്. ഫ്യവൽ അക്കൗണ്ട് ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

ആറുമാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൽ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനെ കൊണ്ട് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന മേലുത്തരവിലെ നിർദേശം പാലിച്ചിട്ടില്ല.

## 3-10 പ്രത്യേക കന്നു കുട്ടി പരിപാലനപദ്ധതി-

## വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

പ്രോജക്ട് നം : 119/18 (SO)

അടങ്കൽ : 1250000/-

ചെലവ് : 312500/- (വികസന ഫണ്ട്)

ബിൽ നം. : 01/20.01.2018

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതി പ്രകാരം 50 ഗുണഭോക്താക്കൾക്കായി പദ്ധതിവിഹിതമായ ₹ 312500/- അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് പ്രോഗ്രാമിന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതിതുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-11 തനത് ഫണ്ടിൽനിന്നും സാക്ഷരതാ പ്രേരക് മാർക്ക് നൽകിയ തുക തിരികെ വരവ് വെച്ചിട്ടില്ല

2016-17 വർഷം പഞ്ചായത്തിലെ സാക്ഷരതാ പ്രേരക്മാർക്ക് പ്രതിഫലമായി നൽകിയ തുക കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്ന് തിരികെ ലഭിച്ചിട്ടുണ്ട് (ചെക്ക് നം.509326/13-6-17). എന്നാൽ ഈ തുക നാളിതു വരെ തനത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല. പ്രസ്തുത തുക തനത് ഫണ്ടിലേക്ക് വരവ് വെച്ച് ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്.

# 3-12 അസാധാരണച്ചെലവുകൾ- രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത്‌രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി

ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ചട്ടത്തിലെ നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2017-18 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ ധാരാളം തുക അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ദൈനംദിന ചെലവായി പരിഗണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. വൗച്ചറിനോടൊപ്പം ചെലവ് രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വൗച്ചറിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തുന്നില്ല. അസാധാരണച്ചെലവുകൾ നിർവ്വഹിക്കുന്നത് ചട്ടം അനുശാസിക്കും പ്രകാരമാണോ എന്ന് ഓഡിറ്റിൽ വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

തൻവർഷം നിർവ്വഹിച്ച അസാധാരണ ചെലവിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ തിയതി | തുക | ചെലവിനം |
|---|---|---|
| 528/7..12.17 | 2000 | ഷൊർണ്ണൂർ ഉപജില്ലാ സ്കൂൾ കലോൽസവം |
| 529/7/12/17 | 2000 | വിദ്യാരംഗം സാഹിത്യോത്സവം |
| 534/7.12.17 | 2000 | ബാല കലോത്സവം- പഞ്ചായത്ത് തല സ്ക്രീനിംഗ് |
| 569/ 7.12.17 | 1000 | ലോക ഭിന്ന ശേഷി ദിനാചരണം |
| 195/21.7.17 | 7920 | പ്രതിഭാ സംഗമം- SSLC, +2 ഉന്നത വിജയികളെ അനുമോദിക്കൽ |

അസാധാരണച്ചെലവുകൾ രേഖപ്പെടുത്തുവാൻ പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കണ്ടിജന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെങ്കിലും എല്ലാ ചെലവുകളും രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്നും മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തി. കൃത്യമായ നിരീക്ഷണം ഇല്ലെങ്കിൽ അനുവദനീയമായ പരിധിയിൽ കവിഞ്ഞുള്ള ചെലവിന് സാധ്യതയുണ്ട്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.8/2-2-19) മറുപടിയൊന്നും ലഭിക്കുകയുണ്ടായില്ല.

മേൽപറഞ്ഞ അപാകതകളിന്മേൽ വിശദീകരണമാവശ്യപ്പെടുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ(36/18) | 50000 | 0 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ(102/18) | 100000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2017-18 | 20000 | പച്ചക്കറികൃഷിക്ക് കൂലിച്ചെലവ്(20/18) | 20000 | 0 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 15000 | പച്ചക്കറികൃഷിക്ക് കൂലിച്ചെലവ്(20/18) | 15000 | 0 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 770000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി(18/18) | 770000 | 0 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 86400 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(32/18) | 86400 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | ആലിക്കൽപടി എസ്.സി. കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (263/18) | NEFT (ബിൽനം. 280/ 28.3.2018 | 25000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 25000 |
| കെ.എസ്.ഇ.ബി | മലപ്പുറം പീടിയേക്കൽ കുടിവെള്ള പദ്ധതിക്ക് ത്രീ ഫേസ് ഇലക്ട്രിക് ലൈൻ വലിക്കൽ (272/18) | NEFT(ബിൽ നം.257/ 24.3.2018 | 20910 | | 20910 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-3 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ | G.O(O)NO.2833/ 15/LSGD Dated.16.9.15 | 1,42,20,000 | 79,34,071 | 5220686 | 685052 | 2713385 |

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നും നിലവിലില്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും അടവാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63566266 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55885467 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 751102 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 43500 | പി.കെ.ബാലകൃഷ്ണൻ, അസി.എഞ്ചിനീയർ -24500/-<br>ധന്യ കെ.ശങ്കർ -ടി- -14250/-<br>രേഷ്മ ആർ -ടി- -4750/- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 751102 | ധന്യ കെ.ശങ്കർ ,അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ധന്യ കെ.ശങ്കർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെക്ഷൻ, മൂലമറ്റം, ഇടുക്കി ജില്ല | അമ്പാഴത്തിനാൽ കുന്നേൽ വീട് (രേവതി), മാടക്കത്താനം (പി.ഒ) എറണാകുളം ജില്ല |
| രേഷ്മ ആർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെക്ഷൻ, ചിറ്റൂർ, പാലക്കാട് ജില്ല | ശ്യാമാലയം, വെങ്കേക്കര, മതിലിൽ (പി.ഒ) കൊല്ലം ജില്ല |
| പി.കെ.ബാലകൃഷ്ണൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, LSGD, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | പാറശ്ശേരി, മൈത്രീ നഗർ, എറണാകുളം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | വിശദാംശം |
|---|---|---|
| 1996-97 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 1997-98 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 1998-99 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 1999-00 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |

| | | |
|---|---|---|
| 2000-01 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2001-02 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2002-03 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2003-04 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2004-05 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2005-06 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2006-07 | L.F.P/16/311(1)/13 /5-6-2013 | പുനരഭിപ്രായക്കുറിപ്പ് |
| 2007-08 | L.F.P/16/311(2)/13 /5-6-2013 | പുനരഭിപ്രായക്കുറിപ്പ് |
| 2008-09 | L.F.P/16/311(1)/13 /5-6-2013 | പുനരഭിപ്രായക്കുറിപ്പ് |
| 2009-10 | L.F.P/16/1135/13 /14-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2010-11 | L.F.P/16/1135/13 /14-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2011-12 | L.F.P/16/1968/14 dt 4-12-2014 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13<br>2013-14<br>2014-15 | KSA-PKD16/1749/15 Dt.12-2-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA-PKD16/1879/16 Dt.06.01.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | KSA-PKD16/1818/2017<br>dt.19-10-17 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി21/1904(48)/2018 തീയതി – 29.8.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി -സാംഖ്യ, സഞ്ചയ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ബുക്ക് പ്രകാരമുള്ള വരവും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകകളും വാർഷിക കണക്കിലെ തുകകളും (RP-7) തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2

## ഓഡിറ്റ് ചെയ്ത വരവ്-ചെലവ്-കുടിശ്ശിക പത്രികകൾ

| INCOME AND EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4630969.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5250.00 |
| 140000000 | Fee & User Charges | I-4(b) | 732269.00 |
| 150000000 | Sale & Hire Charges | I-5(b) | 250608.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 58681739.00 |
| 171000000 | Interest Earned | I-8 | 78045.00 |
| 180000000 | Other Income | I-9 | 0.0 |
| | Total Income | | 64378880.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7905108.00 |
| 220000000 | Administrative Expenses | I-11(b) | 782599.00 |
| 230000000 | Operations & Maintenance | I-12(b) | 1239641.00 |
| 240000000 | Interest & Finance Charges | I-13 | 687684.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10113687.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 8953855.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2423799.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 326295.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 11018600.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 9708394.00 |
| 270000000 | Provisions and Write off | I-16 | 257420.00 |
| 272000000 | Depreciation | I-17(a) | 3548814.00 |
| | Total Expenditure | | 56965896.00 |
| | Gross Surplus/ Deficit of income over Expenditure | | 7412984.00 |
| 280000000 | Prior Period Item | I-18 | 266107.00 |
| | Gross Surplus/Deficit of Income over Expenditure | | |

| RECEIPTS AND PAYMENTS STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6239076.00 |
| Cash | Cash | RP-40(a) | 102600.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 306840.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2250.00 |
| 140000000 | Fees & User Charges | RP-4 | 248292.00 |
| 150000000 | Sale & Hire Charges | RP-5 | 107302.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 78000.00 |
| 171000000 | Interest Earned | RP-9 | 5197.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 320408.00 |
| 350000000 | Other Liabilities | RP-36 | 9700.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1.00 |
| 340000000 | Deposits Received | RP-34 | 3800.00 |
| 350000000 | Other Liabilities | RP-36 | 95886.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1385457.00 |
| | Grand total | | 8904809.00 |
| | PAYMENTS | | |

| | | | |
|---|---|---|---|
| | Operating | | |
| 210000000 | Establishment Expenses | RP-11 | 1831548.00 |
| 220000000 | Administrative Expenses | RP-12 | 266987.00 |
| 230000000 | Operations & Maintenance | RP-13 | 635353.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 561801.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 299343.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 42000.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 77000.00 |
| 350000000 | Other Liabilities | RP-36 | 1669784.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 217771.00 |
| 330000000 | Secured Loans | RP-32 | 305215.00 |
| 340000000 | Deposits Received | RP-34 | 29745.00 |
| 350000000 | Other Liabilities | RP-36 | 290060.00 |
| 410000000 | Fixed Assets | RP-38 | 20852.00 |
| 460000000 | Loans, Advances and Deposits | RP-47 | 104000.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 2529540.00 |
| Cash | Cash | RP-40(b) | 23810.00 |
| | Grand Total | | 8904809.00 |

BALANCE SHEET

As on 31-March-2018

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| 310000000 | LIABILITIES<br>Reserve& Surplus<br>Muncipal (General) Fund [Code No 310] | B-1 | 18825319.60 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 20970695.00 |
| | Total Reserve& Surplus | | 39796014.60 |

| | | | |
|---|---|---|---|
| 320000000 | Grants,Contributions for specific purposes<br><br>Grants, Funds & Contributions for Specific Purposes | B-4 | 2397127.00 |
| | Total Grants,Contributions for specific purposes | | 2397127.00 |
| 330000000 | Loans<br><br>Secured Loans | B-5 | 2713385.00 |
| | Total Loans | | 2713385.00 |
| 340000000 | Current Liabilities and Provisions<br>Deposits Received | B-7 | 4575659.00 |
| 350000000 | Other Liabilities | B-9 | 1391023.40 |
| | Total Current Liabilities and Provisions | | 5966682.40 |
| 432000000 | TOTAL LIABILITIES ASSETS<br><br>Current Liabilities and Provisions<br><br>Accumulated Provisions Against Debtors (Receivables) | B-15(a) | 50873209.00<br><br>(287420.00) |
| | Total Current Liabilities and Provisions | | (287420.00) |
| 410000000 | Fixed Assets<br>Fixed Assets | B-11 | 46456520.00 |
| 411000000 | Accumulated Depreciation | B-11 | (4818209.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 41638311.00 |
| 420000000 | Investments<br><br>Investments | B-12 | 0.00 |
| | Total Investments | | 0.00 |
| 430000000 | Current Assets,Loans and Advances<br>Stock-in-hand | B-14 | 23885.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1621553.00 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 7680799.00 |
| 460000000 | Loans, Advances and Deposits | B-18 | 196081.00 |
| | Total Current Assets,Loans and Advances | | 9522318.00 |

| | | | |
|---|---|---|---|
| | TOTAL ASSETS | | 50873209.00 |